# പരിശുദ്ധ പിതാവിന്റെ ദൈവവിളിദിന സന്ദേശം

മെത്രാൻ പദവിയിലും പൗരോഹിത്യപദവിയിലുമുള്ള വന്ദ്യ സഹോദരരേ, പ്രിയമുള്ള സഹോദരീ സഹോദരൻമാരേ,

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേയ്ക്കും ധാരാളം ദൈവവിളികളുണ്ടാകുവാൻ വേണ്ടി സാർവ്വത്രിക സഭ 2009 മെയ് 3-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുന്ന സന്ദർഭത്തിൽ സഭാതനയരുടെ സജീവ പരിചിന്തനത്തിനായി താഴെപ്പറയുന്ന വിഷയം ഞാൻ നല്കുന്നു: ദൈവിക വിശ്വാസമാണു മുൻകൈ എടുക്കലിലുള്ള മാനുഷിക പ്രത്യുത്തരം. തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ എന്ന ശിഷ്യരോടുള്ള യേശുനാഥന്റെ ഉദ്ബോധനം സഭയിൽ നിരന്തരം നടക്കേണ്ടതാണ്. ദൈവവിളിക്കു വേണ്ടിയുള്ള യേശുനാഥന്റെ ഈ ആഹ്വാനം ഊന്നൽ നൽകുന്നത് വിശ്വാസതീഷ്ണതയോടെയുള്ള നിരന്തരമായ പ്രാർത്ഥനയ്ക്കാണ്. പ്രാർത്ഥനയിലൂടെ സജീവമാകുന്ന ദൈവപരിപാലനയിലുള്ള പ്രത്യാശയും മഹത്തായ വിശ്വാസവുമാണ് ക്രൈസ്തവ സമൂഹത്തിന് യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടത്.

പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കുമുള്ള ദൈവവിളി സഭയ്ക്കുള്ള അവിടുത്തെ സവിശേഷമായ സമ്മാനമാണ്. അത് സകല മാനവരാശിക്കുംവേണ്ടിയുള്ള ഉദാത്തമായ സ്നേഹത്തിന്റെയും രക്ഷയുടേയും പദ്ധതിയുടെ ഭാഗവുമാണ്. വിശുദ്ധ പൗലോസിന്റെ വർഷത്തിൽ എഫേസോസുകാർക്കെഴുതിയ ലേഖന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്: "സ്വർഗ്ഗീയമായ എല്ലാ ആത്മീയവരങ്ങളാലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ. തന്റെ മുമ്പാകെ ദൈവത്തിൽ പരിശുദ്ധരും നിഷ്ക്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു" (എഫേ: 1:3-4). വിശുദ്ധിയിലേയ്ക്കുള്ള ദൈവത്തിന്റെ സാർവ്വത്രികമായ വിളി തന്റെ പുത്രനായ യേശുക്രിസ്തുവിനെ അടുത്ത് അനുഗമിക്കുന്നതിനുള്ളതാണ്. അവിടുത്തെ അനുഗൃഹീത സേവകരും





സാക്ഷികളുമായി ജീവിക്കുന്നതിനു ചിലരെ പ്രത്യേകമായി അവിടുന്ന് തിരഞ്ഞെടുക്കുന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നൽകുന്നതിനുമായി ക്രിസ്തുനാഥൻ തന്റെ ശ്ലീഹന്മാരെ വിളിച്ചു (മർക്കോസ് 3: 14-15). ശ്ലീഹന്മാരാകട്ടെ തങ്ങളുടെ ഈ ദൗത്യത്തിൽ പങ്കാളികളാകുവാൻ മറ്റുള്ളവരേയും തെരഞ്ഞെടുത്തു. ദൈവവിളിക്ക് പ്രത്യുത്തരം നൽകിയും പരിശുദ്ധാത്മവിന്റെ പ്രചോദനങ്ങൾക്ക് വിധേയരായി ദൈവ വചനം പ്രഘോഷിച്ചും സഭാ സേവനത്തിനായി തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചും പുരോഹിത ശ്രേണിയിൽ അംഗമായും അനേകർ സഭയിൽ സേവനം ചെയ്യുന്നു. നമുക്ക് ദൈവത്തോട് നന്ദിയുള്ളവരാകാം, അവിടുത്തെ മുന്തിരിത്തോപ്പിലേയ്ക്ക് ഇന്നും നിരവധിവേലക്കാരെ അവിടുന്ന് വിളിച്ചുകൊണ്ടിരിക്കുന്നതിന്. ലോകത്തിന്റെ ചില ഭാഗങ്ങളിൽ പുരോഹിതരുടെ എണ്ണം കുറയുന്നുവെന്നത് അസ്വസ്ഥതാജനകമാണ്. എങ്കിലും സഭയെ വിവിധ കാലഘട്ടങ്ങളിലൂടെ നയിക്കുന്നതും സുനിശ്ചിതമായി ദൈവരാജ്യത്തിന്റെ പൂർണ്ണതയിലെത്തിക്കുന്നതും ക്രിസ്തുനാഥനാണ്. യേശുക്രിസ്തു തന്റെ കരുണാർദ്രമായ സ്നേഹത്തിന്റെ നിഗൂഢമായ പദ്ധതികൾ പിൻതുടരുന്നതിന് എല്ലാ പ്രായത്തിലും സംസ്കാരത്തിലും പെട്ടവരെ ക്ഷണിക്കുന്നു.

അതിനാൽ നമ്മുടെ പ്രഥമകർത്തവ്യം കുടുംബങ്ങളിലും ഇടവകകളിലും ശ്ലൈഹികകൂട്ടായ്മകളിലും സന്യാസസമൂഹങ്ങളിലും എല്ലാ മേഖലകളിലും നിരന്തരമായ പ്രാർത്ഥനയോടെ ദൈവകരുതലിനായി സമർപ്പിക്കുക എന്നതാണ്. എല്ലാ ക്രൈസ്തവരും ദൈവവിശ്വാസത്തിൽ വളരുന്നതിന് നമ്മൾ പ്രാർത്ഥിക്കണം. രക്ഷാകരദൗത്യത്തിൽ തന്നോടുചേർന്ന് സേവനം ചെയ്യുന്നതിന് പൂർണ്ണമായി നമ്മെത്തന്നെ വിട്ടുകൊടുക്കണമെന്ന് വിളവിന്റെ നാഥൻ നിരന്തരമായി ആവശ്യപ്പെടുന്നു. ബന്ധശ്രദ്ധയും വിവേകം നിറഞ്ഞ ദീർഘദൃഷ്ടിയുമാണ് വിളിക്കപ്പെട്ടവരിൽ നിന്ന് ആവശ്യപ്പെടുന്നത്. ദൈവിക പദ്ധതിയോട് ഉദാരതയോടും പൂർണ്ണമനസ്സോടുംകൂടിയുള്ള സഹകരണവും ശിഷ്യത്വവും അവിടുന്ന് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. പൗരോഹിത്യ സന്യാസജീവിത യാഥാർത്ഥ്യങ്ങളെ കാറ്റിൽപ്പറത്താതെ സമർപ്പണമായി കാണുവാൻ നമുക്ക് കഴിയണം. ഉത്തരവാദിത്വത്തോടെയും ഉറച്ച ബോദ്ധ്യത്തോടെയും കൂടെ ഒരാൾ തന്റെ വിളിക്ക്പ്രത്യുത്തരം നൽകേണ്ടതാണ്.

കത്തോലിക്കാസഭയുടെ മതബോധനം നമ്മെ വസ്തുനിഷ്ഠമായി അനുസ്മരിപ്പിക്കുന്നത് ദൈവത്തിന്റെ സ്വതന്ത്രമായ മുൻകൈയെടുക്കലിന് നമ്മുടെ സ്വതന്ത്രമായ പ്രത്യുത്തരം ആവശ്യമാണെന്നുള്ളതാണ്. നമ്മെ കുറിച്ചുള്ള ദൈവിക പദ്ധതിയോട് നാം ക്രിയാത്മകമായി പ്രതികരിക്കുകയും താദാത്മ്യം പ്രാപിക്കുകയും വേണം. ദൈവത്തിന്റെ സ്നേഹപൂർണ്ണമായ കരുതലിനോടുള്ള പ്രത്യുത്തരമാണിത്. വിളിക്കപ്പെട്ടവർക്ക് ധാർമ്മികതയുടെ ആജ്ഞാഭാവമുള്ള ഒരു കടപ്പെടുത്തൽ അത് ഉൾക്കൊള്ളുന്നു. ഇത് ദൈവത്തിന് നൽകപ്പെടുന്ന അംഗീകാരവും ആദരവും കൃതജ്ഞതയുടെ ആരാധനയുമാണ്. ദൈവം ചരിത്രത്തിൽ തുടരുന്ന പദ്ധതിയോടുള്ള സഹകരണമാണിത് (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം നമ്പർ 2062).

പരിശുദ്ധകുർബാനയുടെ രഹസ്യത്തെക്കുറിച്ച് നമുക്ക് അല്പനേരം ചിന്തിക്കാം. മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവ് തന്റെ ഏകജാതനെത്തന്നെ അത്യുദാത്ത സമ്മാനമായി നൽകി. ദൈവഹിതത്തിന്റെ കാസയിൽനിന്ന് അവസാനം വരെ കുടിക്കുന്നതിന് സമ്പൂർണ്ണവും വിധേയത്വത്തോടെയുമുള്ള ക്രിസ്തുവിന്റെ സന്നദ്ധത നമുക്കൊരു മാതൃക നല്കുന്നു. ദൈവിക മുൻകൈ എടുക്കലിലുള്ള വിശ്വാസവും മാനുഷിക പ്രത്യുത്തരത്തിന്റെ മൂല്യവുമാണത്. ലോകരക്ഷക്കുവേണ്ടിയുള്ള ദൈവികപദ്ധതിയുടെ സ്നേഹമസൃണമായ പൂർത്തീകരണമാണ് പരിശുദ്ധ കുർബാനയിൽ യേശു തന്നെത്തന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കുന്നതിൽ പ്രകടമാകുന്നത്. എന്റെ മുൻഗാമി ജോൺ പോൾ രണ്ടാമൻ എഴുതിയിട്ടുണ്ട്: "തന്റെ നാഥനായ ക്രിസ്തുവിൽനിന്ന് സഭ സ്വീകരിച്ച സമ്മാനമാണ് പരിശുദ്ധ കുർബാന - മറ്റ് നിരവധിയായ സമ്മാനങ്ങൾക്കിടയിൽ അതിവിശിഷ്ടമായ സമ്മാനമാണിത്. തന്റെതന്നെയും തന്റെ പരിശുദ്ധമായ മനുഷ്യത്വത്തിന്റെയും രക്ഷാകര പ്രവൃത്തിയുടെയും സമ്മാനവുമാണിത്"(സഭയും വിശുദ്ധ കുർബാനയും).

നൂറ്റാണ്ടുകളിലൂടെ ദൈവത്തിന്റെ മഹത്വപൂർണ്ണമായ പുനരാഗമനം വരെ രക്ഷാകര രഹസ്യങ്ങൾ നിലനിറുത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് പുരോഹിതർ. അവർ ദിവ്യകാരുണ്യനാഥനെ സൂഷ്മമായി ധ്യാനിക്കണം.ദൈവവിളി സംവാദത്തിന്റെ ശ്രേഷ്ഠമായ മാതൃക പിതാവിന്റെ സ്വതന്ത്രമായ മുൻകൈയെടുക്കലിലും ക്രിസ്തുവിന്റെ വിശ്വസ്തതയുള്ള പ്രത്യുത്തരത്തിലുമാണ് നാം കാണുന്നത്.





വിശുദ്ധ കുർബാനയർപ്പണത്തിൽ താൻ തെരഞ്ഞെടുത്ത പുരോഹിതന്മാരിൽ ക്രിസ്തു തന്നെയാണ് പ്രവർത്തിക്കുന്നത്. ബലഹീനതകൾ ഏറ്റവും സൂഷ്മമായി അനുഭവപ്പെടുമ്പോൾപോലും ഭയാശങ്കകളെ ദുരീകരിച്ചുകൊണ്ട് വിശ്വസ്തതയുടേയും നന്ദിയുടേയും വലിയൊരു പ്രത്യുത്തരം അവരിൽ വളർത്തുന്നതിന് ക്രിസ്തു അവരെ സഹായിക്കുന്നു (റോമ 8:26-28). തെറ്റിദ്ധാരണയുടേയും പീഡനത്തിന്റേയും അനുഭവങ്ങൾ കഠോരമാകുമ്പോഴും ക്രിസ്തു അവരെ താങ്ങുന്നു (റോമ. 8: 35-39).

സ്നേഹത്താലാണ് തങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്ന അറിവ് ഓരോ വിശുദ്ധ കുർബാനയിലൂടെയും വിശ്വാസികളിൽ വിശിഷ്യ പുരോഹിതന്മാരിൽ ക്രിസ്തു വളർത്തിയെടുക്കുന്നു. തന്റെ ജീവൻ നമുക്കായി നൽകിയ ക്രിസ്തുനാഥനിലുള്ള വിശ്വാസത്തിലധിഷ്ഠിതമായി ആത്മപരിത്യാഗം വളർത്താൻ ദിവ്യബലിക്കു കഴിയും. ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ ദാനം സ്വീകരിക്കുകയും ചെയ്യുന്നതുവഴി പുരോഹിതൻ രക്ഷാകര പദ്ധതിയോട് ചേർന്നു നിൽക്കുന്നു. അങ്ങനെ വിളിക്കുന്ന നാഥന്റെ സ്നേഹവും, സ്നേഹത്തോടെ പ്രത്യുത്തരം നൽകുന്ന മർത്യന്റെ സ്വാതന്ത്ര്യവും തമ്മിൽ നിഗൂഢമായ ഒരു കൂടിക്കാഴ്ച നടക്കുന്നു. "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു"(യോഹന്നാൻ 15:16) എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ അവരുടെ ആത്മാവിൽ പ്രതിധ്വനിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണത്തിൽ ദൈവിക മുൻകൈ എടുക്കലിനുള്ള മാനുഷിക പ്രത്യുത്തരം സ്നേഹത്തിൽ കെട്ടുപിരിഞ്ഞ് കിടക്കുന്നത് സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിയിൽ അത്ഭുതകരമായ രീതിയിൽ കാണാം. സുവിശേഷഉപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവ ആധാരമാക്കിയിരിക്കുന്നത് ദിവ്യനാഥന്റെ വാക്കുകളിലും പ്രവൃത്തികളിലുമാണ്. അവ പിൽക്കാലത്ത് അപ്പസ്തോലന്മാരും സഭാപിതാക്കന്മാരും, സഭാപാരംഗതന്മാരും, ആത്മീയ ഇടയന്മാരും കല്പിച്ചിട്ടുള്ളതാണ്. സഭ തന്റെ നാഥനിൽനിന്ന് സ്വീകരിക്കുകയും അവിടുത്തെ കൃപയുടെ സഹായത്താൽ എപ്പോഴും സംരക്ഷിക്കുകയും ചെയ്യുന്ന ഉപദേശങ്ങൾ ദൈവത്തിന്റെ ദാനമാണ് (ജനതകളുടെ പ്രകാശം - 43).

പിതാവിന്റെ തിരുഹിതത്തോട് പരിപൂർണ്ണതയോടെയും വിശ്വസ്തതയോടെയും വിധേയപ്പെടുന്ന യേശുവിന്റെ മാതൃകയിലേക്കാണ് എല്ലാ സമർപ്പിതരും ഉറ്റു നോക്കേണ്ടത്. ക്രിസ്തുമതത്തിന്റെ ആദ്യനൂറ്റാണ്ടുകൾ മുതൽ യേശുക്രിസ്തുവിനാൽ ആകർഷിക്കപ്പെട്ട നിരവധി സ്ത്രീപുരുഷന്മാർ വീട്, സമ്പത്ത്, ധനം തുടങ്ങി മനുഷ്യർ അഭികാമ്യമായി കരുതുന്നവയെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ തയ്യാറായി. വിശുദ്ധിയിൽ ആഴപ്പെടുകയും ചെയ്തു. സുവിശേഷപൂർണതഅഭിലഷിക്കുന്ന യാത്ര ഇന്നും പലരും നടത്തുകയും തങ്ങളുടെ ദൈവവിളി സുവിശേഷാനുസാരമായ ഉപദേശങ്ങളുടെ ദൗത്യമാണെന്ന് തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. ധ്യാനനിരതമായ ആശ്രമങ്ങളിലും സന്യാസഭവനങ്ങളിലും പ്രേഷിതസമൂഹങ്ങളിലുമുള്ള നമ്മുടെ സഹോദരീ സഹോദരന്മാരുടെ സാക്ഷ്യം ദൈവജനത്തെ അനുസ്മരിപ്പിക്കുന്നു: "ചരിത്രത്തിൽ പ്രവർത്തനനിരതമാണ് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ, അതിന്റെ പരിപൂർണ്ണമായ സാക്ഷാത്ക്കാരം സ്വർഗ്ഗത്തിലാണ് നടക്കുന്നത്" (സമർപ്പിത ജീവിതം - 1).

പൗരോഹിത്യ ശുശ്രൂഷയിലേക്ക് തന്നെത്തന്നെ യോഗ്യനെന്ന് കരുതി സമീപിക്കുവാൻ ആർക്കു കഴിയും? തന്റെ മാനുഷിക ശക്തികളിൽ മാത്രം ആശ്രയിച്ചുകൊണ്ട് സമർപ്പിത ജീവിതം സ്വീകരിക്കുവാൻ ആർക്കാണ് സാധിക്കുക? ദൈവമാണ് തന്റെ രക്ഷാകര പദ്ധതികൾക്ക് മുൻകൈ എടുക്കുന്നതും പൂർത്തിയാക്കുന്നതും. ദൈവവിളിയോടുള്ള സ്ത്രീ പുരുഷന്മാരുടെ പ്രതികരണം ഒരിക്കലും ഭീരുവും സ്വാർത്ഥമോഹിയും വിലകെട്ടവനുമായ ഭൃത്യൻ ഭയം നിമിത്തം തന്നെ ഏല്പിച്ച താലന്ത് മണ്ണിൽ ഒളിച്ചുവച്ചതിനോട് സമാനമല്ലായെന്ന് ആവർത്തിച്ച് പ്രസ്താവിക്കുന്നത് ഗുണകരമാണ് (മത്തായി 25: 14-30). യേശുനാഥന്റെ വിളിയോട് വിധേയത്വം പുലർത്തിക്കൊണ്ട് പെട്ടെന്ന് പ്രത്യുത്തരം നൽകിയ പത്രോസിന് സദൃശരാണ് അവർ. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരു മത്സ്യം പോലും കിട്ടാതിരുന്നിട്ടും നാഥന്റെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ട് ഒരിക്കൽകൂടി പത്രോസ് കടലിലേക്ക് വലയിറക്കി (ലൂക്കാ 5:5). വ്യക്തിപരമായ ഉത്തരവാദിത്വം യാതൊരർത്ഥത്തിലും തിരസ്കരിക്കാതെ ദൈവത്തോടുള്ള മനുഷ്യന്റെ സ്വാതന്ത്രമായ പ്രത്യുത്തരം അങ്ങനെ സഹഉത്തരവാദിത്വമായി മാറി. ക്രിസ്തുവിലും, ക്രിസ്തുവിനോടൊത്തും, അവിടുത്തെ ആത്മാവിന്റെ പ്രവർത്തനത്തിലൂടെയുമുള്ള ഉത്തരവാദിത്വം ദൈവവുമായുള്ള സംസർഗ്ഗത്തി





ലൂടെ നമ്മെ കൂടുതൽ ഫലം പുറപ്പെടുവിക്കുവാൻ പ്രാപ്തരാക്കുന്നു (യോഹ. 15:5).

ദൈവത്തിന്റെ മുൻകൈ എടുക്കലിൽ പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് മനുഷ്യൻ പ്രതികരിച്ചതിന്റെ പ്രതീകമാണ് നസ്രത്തിലെ കന്യകയുടെ വിനയാന്വിതവും നിർണ്ണായകവുമായ പ്രത്യുത്തരം. ദൈവത്തിന്റെ സന്ദേശവാഹകന് ലഭിച്ച വിധേയത്വമുള്ള 'ആമ്മേൻ' എന്ന മറുപടി (ലൂക്കാ 1: 38). അവളുടെ സമ്മതം അവളെ ദൈവത്തിന്റെയും രക്ഷകന്റേയും അമ്മയാക്കി. മറിയത്തിന് തന്റെ സമ്മതം പലവട്ടം ആവർത്തിക്കേണ്ടിവന്നു. യേശുക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ നിമിഷത്തിൽ അവിടുത്തെ സമീപം നിന്നുകൊണ്ട് അവൾ തന്റെ നിഷ്കളങ്കനായ പുത്രന്റെ ഭയാനകമായ പീഡകളിൽ പങ്കുചേർന്നു. കുരിശിലെ മരണാസന്നവേളയിലാണ് യേശു മറിയത്തെ നമുക്ക് അമ്മയായും നമ്മെ അവൾക്ക് മക്കളായും നല്കിയത് (യോഹ. 19: 26-27). മറിയം പ്രത്യേകമായി വൈദികരുടെയും സമർപ്പിതരുടെയും അമ്മയാണ്. ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് പുരോഹിത ശുശ്രൂഷയുടെയും സമർപ്പിതജീവിതത്തിന്റെയും വഴിയെ യാത്രതിരിക്കുന്ന എല്ലാവരെയും ഞാൻ പരിശുദ്ധ അമ്മയുടെ കരങ്ങളിൽ ഭരമേൽപ്പിക്കുന്നു.

പ്രിയ സ്നേഹിതരേ, പ്രശ്നങ്ങളും സംശയങ്ങളും അഭിമുഖീകരിക്കുമ്പോൾ നഷ്ടധൈര്യരാകരുത്. ദൈവത്തിൽ വിശ്വസിക്കുക, യേശുവിനെ വിശ്വസ്തതയോടെ അനുഗമിക്കുക. അപ്പോൾ അവിടുന്നുമായുള്ള ഉറ്റ ബന്ധത്തിൽനിന്ന് ഒഴുകിയെത്തുന്ന സന്തോഷത്തിന്റെ സാക്ഷികളാകാൻ നിങ്ങൾക്ക് കഴിയും. എല്ലാ ജനതകളും ഭാഗ്യവതി എന്ന് പ്രകീർത്തിക്കുന്ന കന്യകാമറിയത്തെ അനുകരിച്ചുകൊണ്ട്, സ്വർഗ്ഗസ്ഥനായ പിതാവിന്റെ രക്ഷാകരപദ്ധതികൾ പൂർത്തീകരിക്കാൻ എല്ലാ ആത്മീയശക്തിയുമുപയോഗിച്ച് നിങ്ങളെത്തന്നെ സമർപ്പിക്കുക. മഹത്തായ കാര്യങ്ങൾ ചെയ്യുന്ന ശക്തനായവനെ ആരാധിക്കാനും അവനിൽ ആശ്ചര്യപ്പെടാനും ഉള്ള കഴിവ് അവളെപോലെ നിങ്ങളുടെ ഹൃദയത്തിലും പരിപോഷിപ്പിക്കുക. എന്തെന്നാൽ, അവിടുത്തെ നാമം പരിശുദ്ധമാണ് (ലൂക്കാ 1: 49).

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

വത്തിക്കാൻ, റോം

# From the Bishop's Office

**ത്രൈമാസ സമ്മേളനം**

ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം **മെയ് 18,19** തിയ്യതികളിൽ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**നന്ദി, സ്വാഗതം**

ഇടയാർപാളയത്തുണ്ടായിരുന്ന ക്ലൂണി സിസ്റ്റേഴ്സ് അവരുടെ സേവനം അവസാനിപ്പിച്ചു. അവർക്ക് നന്ദി. അതേ കെട്ടിടത്തിൽ തന്നെ സന്യാസഭവനം ആരംഭിച്ച കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് നസ്റത്തിന് സ്വാഗതം.

**നന്ദി.**

രൂപതയിലെ ഇടവകയിൽ സേവനമനുഷ്ഠിച്ച് സ്ഥലംമാറിപ്പോകുന്ന ബഹു സന്തോഷ് അധികാരത്തിൽ OFM. Cap (ആരോഗ്യപുരം) ഫാ. സെബി ഇയ്യാലിയിൽ CST (വയലൂർ), ഫാ. മാത്യു പനിച്ചിപ്പുറം CST (പാലക്കുഴി) എന്നിവർക്ക് രൂപതയുടെ അകൈതവമായ നന്ദി അറിയിക്കുന്നു.

**Appointments of priests**

1. Fr. Abraham Narimattathil (Binesh) CST, Vicar St. Thomas Church, Chaplain, Deepthi Bhavan, Convent ,Palakkuzhi, w.e.f. 17-05-2009.
2. Thomas Kattakkal CST, Vicar, Infant Jesus Church, Chaplain, Karunalyam Convent, Vayalur w.e.f. 17-05-2009

**NEW CONVENT ADDRESS**

Nazrath Convent, Sreevari Garden, Coimbatore -641 108
Ph:0422-2400045

# Family Apostolate

**പ്രീകാന കോഴ്സ്**

**മെയ് 4, 5, 6, 7, ജൂൺ 1, 2, 3, 4**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.





# വിശ്വാസ പരിശീലനം

**സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷ**

വേദോപദേശ സ്കോളർഷിപ്പ് പരീക്ഷ മെയ് 1-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചക്ക് 12.30 മണിവരെ ഫൊറോന കേന്ദ്രങ്ങളിൽവെച്ച് നടത്തുന്നതാണ്. ചോദ്യപേപ്പറുകൾ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**പരീക്ഷ കേന്ദ്രങ്ങൾ:**

| | | |
|---|---|---|
| പാലക്കാട് ഫൊറോന | - | കത്തിഡ്രൽ സ്കൂൾ. |
| വടക്കഞ്ചേരി ഫൊറോന | - | ചെറുപുഷ്പം സ്കൂൾ |
| കാഞ്ഞിരപ്പുഴഫൊറോന | - | ഫൊറോന പാരിഷ്ഹാൾ. |
| മണ്ണാർക്കാട് ഫൊറോന | - | ഫൊറോന പാരിഷ്ഹാൾ. |
| താവളം ഫൊറോന | - | സെന്റ് പീറ്റേഴ്സ് സ്കൂൾ, കുക്കംപാളയം |
| ഒലവക്കോട് ഫൊറോന | - | സെന്റ്തോമസ് സ്കൂൾ, ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | - | ഫൊറോന പാരിഷ്ഹാൾ. |
| മേലാർക്കോട് ഫൊറോന | 1. | മംഗലംഡാം പാരിഷ്ഹാൾ (കടപ്പാറ, പൊൻകണ്ടം, മംഗലംഡാം, മാങ്കുറുശ്ശി, മരിയനഗർ, ചിറ്റടി, മേരിലാന്റ് ചിറ്റടി, ഇളവംപാടം, ഓട്തോട്, കരിങ്കയം, ബാലശേരം, നീതിപുരം) |
| | 2. | നെന്മാറ പാരിഷ്ഹാൾ. (നെല്ലിയാമ്പതി, പോത്തുണ്ടി, അളവുശ്ശേരി, നെന്മാറ, ചിറ്റിലഞ്ചേരി, മേലാർക്കോട്, ആലത്തൂർ, കയറാടി, ഒലിപ്പാറ) |

സ്കോളർഷിപ്പ് പരീക്ഷാപേപ്പറുകൾ മെയ് 2-ാം തിയ്യതി ശനിയാഴ്ച തന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം സ്കോളർഷിപ്പ് പരീക്ഷ കേന്ദ്രീകൃത മൂല്യനിർണ്ണയം**

സൺഡേ കാറ്റികിസം സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം മെയ് 6-ാം തിയ്യതി ബുധനാഴ്ച രാവിലെ 10 മണി മുതൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാ

പകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. പുസ്തകവും ഉപപാഠപുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ്**

രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് മെയ് 2-ാം തിയ്യതി ശനിയാഴ്ച 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ പാസ്റ്ററർ സെന്ററിൽ വെച്ച് നടക്കുന്നു. എല്ലാ കൗൺസിൽ അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മതബോധന സംയുക്ത സമ്മേളനം**

2009 മെയ് 30-ാം തിയ്യതി ശനിയാഴ്ച കാലത്ത് 9.30 മുതൽ വൈകീട്ട് 3.30 വരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് മതബോധന സംയുക്ത സമ്മേളനം നടക്കുന്നു. 2009-2010 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം, 2008-09 അധ്യയന വർഷത്തിന്റെ റിപ്പോർട്ട് അവതരണം, 10, 12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളെ ആദരിക്കൽ, സൺഡേ സ്കൂൾ, റെഗുലർ സ്കൂൾ സ്കോളർഷിപ്പ് വിജയികൾക്ക്, ചെറുകഥ, ഉപന്യാസ രൂപതാതലവിജയിക്കും സമ്മാനദാനം, അടുത്ത വർഷത്തിലേക്കുള്ള കലണ്ടർ സ്റ്റാറ്റിസ്റ്റിക്സ് ഫോമുകൾ, സർട്ടിഫിക്കറ്റുകൾ, ലോഗോസ് രജിസ്ട്രേഷൻ ഫോമുകൾ എന്നിവയുടെ വിതരണം തുടങ്ങിയവയാണ് അന്നേ ദിവസത്തെ പരിപാടികൾ. സമ്മാനാർഹരായവരെ പങ്കെടുപ്പിക്കുവാൻ മറക്കാതിരിക്കുക. സമ്മാനദാനം രാവിലെ അഭി. പിതാവ് നിർവ്വഹിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരും, മതബോധന കൗൺസിൽ അംഗങ്ങളും സൺഡേസ്കൂൾ, റെഗുലർ സ്കൂൾ പ്രധാനാദ്ധ്യാപകരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുകയും എല്ലാവരേയും പ്രസ്തുത സമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

**യൂണിറ്റുകളിൽ സ്റ്റാഫ് മീറ്റിംഗ്**

മെയ് 31-ാം തിയ്യതി ഞായറാഴ്ച ഇടവകകളിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും മതബോധന കലണ്ടർ ചർച്ചചെയ്ത് പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം മതബോധന ദിനാചരണത്തെക്കുറിച്ച് ചിന്തിക്കുകയും വിശ്വാസപരിശീലന വർഷാരംഭ ദിനമായ ജൂൺ 7-ാം തിയ്യതി മതബോധനദിനമായി ആചരിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**സൺഡേ കാറ്റികിസം പുസ്തകങ്ങൾ**

പുതിയ അധ്യയന വർഷത്തേക്ക് അതാത് യൂണിറ്റുകളിൽ ആവശ്യ





മുള്ള പുസ്തകങ്ങളുടെ എണ്ണം നിർദ്ദിഷ്ട ഓർഡർ ഫോമിൽ പൂരിപ്പിച്ച് മെയ് 15ന് മുമ്പായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റീ- എക്സാമിനേഷൻ**

ഈ വർഷത്തെ സൺഡേ കാറ്റികിസം 10-ാം ക്ലാസ്സ് പരീക്ഷയുടെ റീ-എക്സാമിനേഷനിൽ എല്ലാ കുട്ടികളും വിജയിച്ചിരിക്കുന്നു. മാർക്ക് ലിസ്റ്റുകൾ വികാരിയച്ചന്മാരുടെ പക്കൽ ഏൽപ്പിച്ചിട്ടുണ്ട്.

**ബി.ടി.സി.**

വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി.) ജൂൺ മാസം 12, 13, 14 വെള്ളി, ശനി, ഞായർ തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററർ സെന്ററിൽ താമസിച്ച് ബി.ടി.സി. കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമെ ബി.ടി.സി. സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി. സർട്ടിഫിക്കറ്റ് മതബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നിർബന്ധമായ ഒരു അടിസ്ഥാന യോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി. ഫീസ്. 100 രൂപ.

**അധ്യാപകർക്കുള്ള പരിശീലനവും പുതിയ പുസ്തകം പരിചയപ്പെടുത്തലും**

12-ാം ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകർക്കുമായി പാസ്റ്ററൽ സെന്ററിൽ വെച്ച് മെയ് 29-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ പുസ്തക പരിചയപ്പെടുത്തൽ സെമിനാർ നടത്തപ്പെടുന്നു. 12-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും ഏകദിന സെമിനാറിൽ സംബന്ധിക്കേണ്ടതാണ്.

**വിശ്വാസപരിശീലന വർഷാരംഭം**

ജൂൺ 7-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയവ വർഷത്തിന് ആരംഭം കുറുക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേ ദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രകാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ക്രിസ്റ്റീൻ ധ്യാനം**

5 മുതൽ 12 വരെ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 20 മുതൽ 25

വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് ക്രിസ്റ്റീൻ ധ്യാനം നടന്നു. റവ. ഫാ. റെനി പുല്ലുകാലായിലും ടീം അംഗങ്ങളും ചേർന്ന് നടത്തിയ ധ്യാനത്തിൽ 130 വിദ്യാർത്ഥികൾ പങ്കെടുത്തു.

പങ്കെടുത്ത വിദ്യാർത്ഥികൾക്കും അവരെ പറഞ്ഞയച്ച ബഹു വികാരിയച്ചന്മാർക്കും മതാധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി. ധ്യാനത്തിൽ ലഭിച്ച ഉൾക്കാഴ്ചകളും ഉണർവ്വും വരദാനങ്ങളുമെല്ലാം കൂടുതൽ ഉത്സാഹത്തോടും തീഷ്ണതയോടും കൂടെ ഈശോയെ അനുഗമിക്കാൻ പ്രചോദനവും ശക്തിയും ആകട്ടെ എന്ന് ആശംസിക്കുന്നു. ധ്യാനം നയിച്ച ബഹു. വൈദികർക്കും രൂപതാ ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും മറ്റു പലവിധത്തിൽ സഹായിച്ച ഓരോരുത്തർക്കും ആത്മാർത്ഥമായ നന്ദി പറയുന്നു.

**കടുകുമണി മിഷൻ ക്വിസ് 2008-09**

സീറോ മലബാർ സഭയിലെ കുട്ടികളിൽ പ്രേക്ഷിതാവബോധം വളർത്തുകയാണ് മിഷൻ ക്വിസിന്റെ ലക്ഷ്യം. രണ്ടാംതല മത്സര വിജയികളായ കുട്ടികൾക്കുള്ള മൂന്നാംതല മത്സരമാണിത്. മൾട്ടി മീഡിയ പ്രേക്ഷിത കളരി മെയ് 7,8,9 തിയ്യതികളിൽ വൈദികരുടേയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. വിവിധ ക്ലാസ്സുകളിലൂടെയും, കളികളിലൂടെയും ചർച്ചകളിലൂടെയും കുട്ടികൾക്ക് മിഷൻ പ്രവർത്തനത്തെ പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഈ മൂന്ന് ദിവസങ്ങളിലും മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ് (പഠന സഹായി പ്രേക്ഷിത പ്രവർത്തനം 2008). ഈ മത്സരങ്ങളിൽ മികവ് പുലർത്തുന്നവരാണ് ശലോം ടി.വിയിൽ നടത്തപ്പെടുന്ന അന്തിമ റൗണ്ടിൽ മത്സരിക്കാൻ അർഹത നേടുക. നമ്മുടെ കുട്ടികൾക്ക് മിഷനെ അറിയുവാനും ടി.വി. പ്രോഗ്രാമിൽ പങ്കെടുക്കുവാനും കടുകുമണി മിഷൻ ക്വിസ് അവസരമൊരുക്കുന്നു. മൾട്ടിമീഡിയ പ്രേക്ഷിത പഠന കളരിയിൽ പങ്കെടുക്കാൻ വരുന്ന കുട്ടികൾ ഏപ്രിൽ 15ന് മുമ്പായി കാറ്റികിസം ഓഫീസിൽ നിർബന്ധമായും വിളിച്ചറിയിക്കേണ്ടതാണ്. കടുകുമണി ഏജന്റുമാർക്കോ മറ്റ് അധ്യാപകർക്കോ ക്യാമ്പിൽ കുട്ടികളെ അനുഗമിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ബന്ധപ്പെടുക.

ക്യാമ്പിന്റെ വിശദവിവരങ്ങൾക്കായി 9744268406, 9746145646, 04842411600 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**റഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാനാധ്യാപകരുടെയും മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാനാധ്യാപകരുടെയും





സംയുക്തമീറ്റിംഗ് മെയ് ഒന്നാം തിയ്യതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 1.00 മണിവരെ പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ പ്രധാനാധ്യാപകരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. കഴിഞ്ഞ അധ്യയവ വർഷത്തെക്കുറിച്ച് വിലയിരുത്താനും, പുതിയ അധ്യയന വർഷത്തെക്കുറിച്ച് ചിന്തിക്കാനും ഉദ്ദേശിച്ചുള്ളതാണ് പ്രസ്തുത മീറ്റിംഗ്.

**REGULAR SCHOOL SCHOLARSHIP EXAM RESULTS 2008-09**

**CATECHISM**

| Class | Name | Name of School | Mark | Remark |
|---|---|---|---|---|
| IV | Aneena Biju | Mount Camel LPS Jellippara | 96 | Ist Rank |
| IV | Jyothis Jose | Lourd Matha H.S Mangalam Dam | 94 | IInd Rank |
| IV | Neenu Shoby | Kanikkamatha C.G.H.S. Palakkad | 92 | IIIrd Rank |
| VII | Anaida Ann Jacob | Kanikkamatha H.S. Palakkad | 96 | Ist Rank |
| VII | Lincy Vincent | Cherupushpam E.M.U.P.S. | 92 | IInd Rank |
| VII | Jency P. John | Mount Carmel, H.S. Jellippara | 88 | IIIrd Rank |
| VII | Archana Joseph | Vijayamatha CHSS, Chittoor, Palakkad | 88 | IIIrd Rank |
| X | Nivya Joseph | Kanikkamatha H.S. Palakkad | 88 | Ist Rank |
| X ' | Ann Mary Shoby | Kanikkamatha H.S. Palakkad | 80 | IInd Rank |
| X | Lincy Maria | Mount Carmel H.S. Jellippara | 78 | IIIrs Rank |

**MORAL SCIENCE**

| Class | Name | Name of School | Mark | Remark |
|---|---|---|---|---|
| IV | Rose Mariat | Assisi E.M.H.S.S. Kanjikode | 92 | Ist Rank |

| | | | | |
|---|---|---|---|---|
| IV | Sukanya. R | St. Antony L.P.S. Melarkode | 81 | IInd Rank |
| IV | Arya Raju | Vimala Bhavan U.P.S. Chitoor | 80 | IIIrd Rank |
| VII | Amrutha K.U. | Holy Family C.U.P.S. Kanjirapuzha | 92 | Ist Rank |
| VII | Aleena K.G. | Assisi E.M.G.H.S. Kanjikode | 88 | IInd Rank |
| VII | Arya Kannan | St. Ritas E.M. U.P.S. Nemmara | 80 | IIrd Rank |
| X | Navaneethan | St. Peters CHS Kookampalayam | 88 | Ist Ramk |
| X | Rani. P | Mount Carmel H.S. Jellippara | 84 | IInd Rank |
| X | Nezrymol T.M. | St. Peters C.H.S. Kookampalayam | 80 | IIIrd Rank |
| XII | Anupama C.V. | Cherupushpam G.H.SS Vadakkanchery | 78 | Ist Rank |
| XII | Divya. D | Cherupushpam G.H.SS Vadakkanchery | 70 | IInd Rank |

**School Cateshism & Moral Science**
**Rolling Trophy Winners 2008-09**

LP Sction : Mount Carmel L.P.S. Jellippara
Assissi EMGHSS Kanjikode
UP Section : Kanikkamatha CEMGHSS, Palakkad
HS Section : Kanikkamatha CEMGHSS, Palakkad
HSS Section : Cherupushpam GHSS, Vadakkenchery

***CONGRATULATIONS TO THE WINNERS***

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, മതബോധനം





# കെ.സി.വൈ.എം.

**"കുടുക്ക"** *അക്ഷരങ്ങളുടെ കുടുക്ക... അറിവിന്റെ കുടുക്ക...*

എട്ടാംക്ലാസ്സ് പരീക്ഷ എഴുതിയവർ മുതൽ പ്ലസ്ടു പരീക്ഷ എഴുതിയിരിക്കുന്നതുവരെയുള്ള കുട്ടികൾക്കായി സംഘടിപ്പിക്കുന്ന കഥ, കവിത, ചിത്രരചനാശില്പശാല. രൂപതയിലെ തിരഞ്ഞെടുക്കപ്പെടുന്ന 50 വിദ്യാർത്ഥകൾക്കാണ് അവസരം. തിരഞ്ഞെടുപ്പിനായി താൽപ്പര്യമുള്ള കുട്ടികൾ "വേരുകൾ" എന്ന വിഷയത്തിൽ A4 പേപ്പറിൽ രണ്ട് പുറത്തിൽ കവിയാത്ത വിധത്തിലുള്ള (കഥ, കവിത, ചിത്രം എന്നിങ്ങനെ അഭിരുചിക്കനുസരിച്ച് ഏതുമാകാം) സൃഷ്ടികൾ മെയ് 4ന് മുമ്പായി കെ.സി.വൈ.എം., സി.എം.എൽ. മതബോധന ഫൊറോന/രൂപതകേന്ദ്രങ്ങളിൽ എത്തിക്കുമല്ലോ. രചനയ്ക്കൊപ്പം യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ കുട്ടികളുടെ ബയോഡാറ്റയും ചേർക്കണം. തിയ്യതി : 2009 മെയ് 7,8,9. സ്ഥലം : സ്റ്റാർട്ട് ആനിമേഷൻ സെന്റർ ധോണി. ഫീസ്. 75 രൂപ.

**മെത്തനോയിയ 09**

യുവജനങ്ങൾക്കായി ഫൊറോനയുടെ നേതൃത്വത്തിൽ മെയ്, ജൂൺ മാസങ്ങളിലായി സംഘടിപ്പിക്കുന്ന യുവജനധ്യാനം. കൂടുതൽ വിവരങ്ങൾ ഫൊറോനസമിതി അറിയിക്കുന്നതാണ്.

**തെയ്സെ പ്രാർത്ഥന**

സംഘടനയുടെ പ്രാർത്ഥനാ രീതിയാണ് തെയ്സെ. വിവിധ യൂണിറ്റുകളിൽ സന്ധ്യാസമയങ്ങളിൽ രൂപതസമിതി തെയ്സെ സംഘടിപ്പിച്ചു വരുന്നു. പരമാവധി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൂട്ടായ്മ സംഘടയുടെ ആത്മീയ ഉണർവ്വിനും തുടർ പ്രവർത്തനങ്ങൾക്കും ശക്തിയേകുമെന്ന് ഞങ്ങൾക്ക് ഉറച്ച ബോധ്യമുണ്ട്.

**ഭാരവാഹികളുടെ പേരുവിവരങ്ങൾ**

ഔദ്യോഗിക വിവരശേഖരണത്തിനും കത്തിടപാടുകൾ നടത്തുന്നതിനും അങ്ങയുടെ യൂണിറ്റിലെ ഭാരവാഹികളുടെ വിലാസവും ഫോൺ നമ്പറും സർക്കുലറിനോടൊപ്പമുള്ള ഫോറത്തിൽ രേഖപ്പെടുത്തി എത്രയും വേഗം രൂപത, ഫൊറോന കേന്ദ്രത്തിലോ, കെ.സി.വൈ.എം., പാലക്കാട് രൂപത, പാസ്റ്ററൽ സെന്റർ, പാലക്കാട്- 678 006 എന്ന വിലാസത്തിലോ എത്തിക്കുമല്ലോ.

**സ്നേഹപൂർവ്വം ബ്രദറിന്**

കഴിഞ്ഞൊരു വർഷക്കാലം കെ.സി.വൈ.എം. പ്രസ്ഥാനത്തിനായി മുഴുവൻ സമയവും മാറ്റിവെച്ച ബ്ര. ബ്ലിന്റ് പുത്തൻപുരക്കലിന് സംഘടനയുടെ കടപ്പാടും നന്ദിയും.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# സീനായ് ധ്യാനകേന്ദ്രം.

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 മെയ് 3 മുതൽ 8 വരെ, 17 മുതൽ 22 വരെ.

മെയ് 30 ശനി ആദ്യാക്ഷരം കുറിക്കലും വിദ്യാരംഭ പ്രാർത്ഥനയും സീനായ് ധ്യാന കേന്ദ്രത്തിൽ

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# സി എൽ സി.

**വാർഷിക സെനറ്റ് (മെയ് 9)**

പാലക്കാട് രൂപത സി.എൽ.സി വാർഷിക സെനറ്റ് മെയ് 9-ാംതീയതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10.30 മുതൽ 4 മണിവരെ സംഘടിപ്പിച്ചിരിക്കുന്നു. യൂണിറ്റുകളിൽ നിന്നു 5 ഭാരവാഹികൾ, മേഖല ഭാരവാഹികൾ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ , മേഖല ഡയറക്ടർ ആനിമേറ്റർമാർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഓരോ യൂണിറ്റിൽ നിന്നും വാർഷിക റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. റെജി.ഫീസ് യൂണിറ്റൊന്നിന് 75 രൂപ

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.





# C W W C

**സ്ത്രീശക്തി മദ്യത്തിനെതിരെ**

മനുഷ്യവംശത്തെ, കുടുംബങ്ങളെ നശിപ്പിക്കുകയും തകർക്കുകയും ചെയ്യുന്ന മദ്യവ്യവസായം ഭരണഘടനാ ലംഘനമായി സ്ത്രീകൾ മനസ്സിലാക്കി പ്രവർത്തനനിരതരാകണം.

ഭരണഘടന 47-ാം വകുപ്പ്,മദ്യം നിരോധിക്കാൻ എല്ലാ സംസ്ഥാനങ്ങളും ശ്രമം നടത്തണം. ഭരണഘടന ആർട്ടിക്കിൾ 51 A ദാരിദ്ര്യത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന് എല്ലാ പൗരന്മാർക്കും കടമയുണ്ട്.

1975 സുപ്രീം കോടതവിധി ഭരണഘടന ആർട്ടിക്കിൾ 51. A പ്രകാരം മദ്യവ്യാപാരം ഏതു സ്ഥാനത്തിരുന്നാലും ആരുടെയും അവകാശമല്ല. 1984 ൽ കേരള ഹൈക്കോടതി മദ്യ വ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുവിന്റെ വ്യാപാരം

1937 ൽ മലബാറിലും 1947,1948 കളിൽ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിലും മദ്യനിരോധനം നടപ്പാക്കി. 1950 ലും 1960 ലും ഭേദഗതി വരുത്തിയതും1967 വരെ തുടർന്നതുമായ മദ്യനിരോധനം ഇ.എം.എസ് സർക്കാർ 28.4.1967 ൽ പിൻവലിച്ചു.

21 ആയിരം കോടിയോളം രൂപ സർക്കാരിനു ലാഭമുണ്ടാക്കാൻ അതുമൂലമുണ്ടാകുന്ന നാശപരിഹാരത്തിനായി 24 ആയിരം കോടിയിൽ പരം രൂപ ചെലവാക്കേണ്ടിവരുന്നു, കൂടാതെ കുടുംബങ്ങൾ നരകതുല്യമാകുന്നു. ആത്മഹത്യകൾ പെരുകുന്നു.

മദ്യവിമുക്ത ത്രിമാന ലഘൂകരണമെന്ന പദ്ധതി

1 മദ്യപരുടെ എണ്ണം കുറയ്ക്കുക മദ്യപാന സന്ദർഭങ്ങൾ കുറയ്ക്കുക ആവശ്യകതാ ലഘൂകരണം
(Demand redution)

2. മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുന്ന അപകട ലഘൂകരണം
(Risk Reduction)

3 ലഭ്യത കുറയ്ക്കും വിധം സമൂഹത്തിലും സർക്കാരിലും സമ്മർദ്ദം ചെലുത്തുന്ന ലഭ്യതാലഘൂകരണം.(Supply Reduction)

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# മാതൃസംഘം

**മാതൃദിനം 2009**

മെയ്മാസം രണ്ടാം ഞായർ (മെയ്10) യൂണിറ്റുകളിൽ മാതൃദിനമായി ആചരിക്കേണ്ട ദിനം. സമർപ്പണ കുർബ്ബാന, സെമിനാർ, ചർച്ച, പ്രത്യേക സുകൃത സന്ദർശനങ്ങൾ ,സൗഹൃദയാത്രകൾ എന്നിവ ഒരുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സൃഷ്ടി 2009**

2009 വർഷത്തെ കയ്യെഴുത്തുപ്രതി മത്സരത്തിനായി യൂണിററുകളിൽ എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുക. രൂപതയിൽ ഏൽപ്പിക്കേണ്ട അവസാന തിയ്യതി 2009 സെപ്റ്റംബർ 30 ആണ്.

**വിശ്വാസോത്സവ് 2009**

2009 മെയ് മാസത്തിൽ മണ്ണാർക്കാട് ഫൊറോനയിൽ വിശ്വാസാനുഭവ സെമിനാറുകൾ സംഘടിപ്പിക്കുവാൻ ഫൊറോന കോ- ഓഡിനേറ്റേഴ്സ് ഇടവക വികാരിമാരും ഉത്സാഹിക്കുമല്ലോ.

**എഫാത്ത 2009**

സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് യൂണിറ്റുകളെയും ഫൊറോനകളേയും കരകയറ്റാൻ രൂപതാനേതൃത്വം വേദിയൊരുക്കുന്നു. യൂണിറ്റുകളും ഫൊറോനയും സഹകരിക്കുമല്ലോ. സമ്മാനപദ്ധതിയിലെ 101 സമ്മാനങ്ങളിൽ ഏതെങ്കിലുമൊരു സമ്മാനം യൂണിറ്റുകളിൽ നിന്ന് സ്പോൺസർ ചെയ്ത് സഹകരിക്കുക. മെയ് 31ന് മുമ്പ് രൂപതാ കേന്ദ്രത്തെ അറിയിക്കുക. ജൂൺ 27ന് കൂപ്പൺ വിതരണത്തിന് സജ്ജമാകും. അർദ്ധവാർഷിക സെനറ്റിൽ പങ്കെടുക്കുവാൻ ക്രമീകരണം ചെയ്യുമല്ലോ. യൂണിറ്റുകളിലെ ഭവനങ്ങളുടെ അനുപാതത്തിൽ കൂപ്പണുകൾ വിതരണം ചെയ്യുമല്ലോ. വിൽക്കപ്പെടുന്ന കൂപ്പണുകളുടെ തുകയിൽ 50% യൂണിറ്റുകൾക്കും 30% രൂപതയ്ക്കും 20% ഫൊറോനയ്ക്കും ആയി വിഭജിക്കുന്നതാണ്. തികച്ചും യൂണിറ്റ് കേന്ദ്രീകൃതമായ സഹായപദ്ധതി.

ഓരോ യൂണിറ്റും 100 രൂപയിൽ കുറയാത്ത ഒരു സമ്മാനം ഏല്പിക്കുമല്ലോ. സാമ്പത്തികമുള്ള യൂണിറ്റുകൾ 250,500,1000,1500 എന്നീ ഗ്രേഡുകളിലുള്ള സമ്മാനങ്ങൾ നൽകാൻ ശ്രമിക്കുക. അവ അതാതു യൂണിറ്റുകളുടെ പേരിൽ സമ്മാനമായി നൽകപ്പെടും.

മനുഷ്യൻ വ്യക്തിയോ വസ്തുവോ?





വിശ്വാസവും ഉപഭോഗസംസ്ക്കാരവും ആധുനിക മനുഷ്യന്റെസ്വാർത്ഥതയുടെ ക്രിസ്തീയത.

**യൂണിറ്റുകളിൽ പ്രബന്ധമത്സരം**

യൂണിറ്റുകളിൽ പ്രബന്ധമത്സരം സംഘടിപ്പിക്കുക. വിഷയം വി. പൗലോസിന്റെ ലേഖനങ്ങളിലെ സ്ത്രീസങ്കല്പം.

**സീറോ മലബാർ മാതൃസംഗമം – കാക്കനാട്**

മൗണ്ട് സെന്റ് തോമസ് രൂപതകളിലെ മാതൃസംഘം അംഗങ്ങളുടെ മീറ്റിംങ്ങിൽ ശ്രീമതി റോസ് ഷോബി (കഞ്ചിക്കോട്) പാലക്കാട് രൂപതയിൽ നിന്ന് പങ്കെടുത്തു.

**വിശ്വാസ നീർച്ചാലുകൾ**

ഇടവകയിൽ മതബോധനരംഗത്ത് സേവനം ചെയ്യുവാൻ ലഭിക്കുന്ന അവസരങ്ങൾ മാതൃസംഘാംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുമല്ലോ. വിശ്വാസ പൈതൃക കൈമാറ്റം അമ്മമാരിൽ പ്രത്യേകമായവിധം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു.

**ഫിയാത്ത് 2009**

യൂണിറ്റുകളിൽ വിശ്വാസാനുഭവപ്രഘോഷണസെമിനാറുകൾ. ശക്തനായവനിലൂടെ നമ്മിൽ ഇന്നു സംഭവിക്കുന്ന കാര്യങ്ങൾ വിശ്വാസകണ്ണുകളോടെ നോക്കിക്കാണാനുതകുന്ന ക്ലാസുകൾ. സമൂഹത്തിന്റെ നേർക്കാഴ്ചകൾ മാധ്യമവിഷയം, വിവേചനചർച്ചകൾ, രാഷ്ട്രീയമുഖംമൂടികളുടെ ഉൾക്കണ്ണാടികൾ, ആത്മീയാനന്ദത്തിന്റെ അകത്തളങ്ങളിലേയ്ക്ക് അകക്കണ്ണു തുറപ്പിക്കുവാനുതകുന്ന സംവാദങ്ങൾ.... ധ്യാനയോഗങ്ങൾ....

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

NCVT കോഴ്സുകളിലേക്ക്
സ്വാഗതം
ELECTRITIAN, ELECTRONICS, MECHANIC (Motor Vehicle) - MMV
(2 years, SSLC)
ക്രിസ്റ്റഫർ ITC, ധോണി
ഉടൻ ബന്ധപ്പെടുക: 9446637348, 0491-2556931
CITC: Centre for bright future

# അൾത്താരസംഘം

അൾത്താര സംഘത്തിന്റെ രൂപതാതല പിരിപാടികൾ ജൂൺമാസം 1-ാം തിയ്യതി മുതലാണ് ആരംഭിക്കുന്നത്. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും രൂപതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ അത് പുതുക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അൾത്താരസംഘം ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ ബഹു. വികാരിയച്ചന്മാരും പ്രധാന അധ്യാപകരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30 ആണ്.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, അൾത്താരസംഘം

# നവീകരണ മുന്നേറ്റം

പാലക്കാട് സോണിന് വേണ്ടിയും മറ്റെല്ലാ ആവശ്യങ്ങൾക്ക് വേണ്ടിയും ഞായറാഴ്ച ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും പാസ്റ്ററൽ സെന്ററിൽ പി.എസ്.ടിയുടെ നേതൃത്വത്തിൽ രാവിലെ 10 മണി മുതൽ 3 മണി വരെ മദ്ധ്യസ്ഥപ്രർത്ഥന നടത്തുന്നു. താൽപര്യമുള്ളവർക്കെല്ലാം പ്രാർത്ഥനയിൽ പങ്കെടുക്കാവുന്നതാണ്.

സോണിലെ നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ലീഡേഴ്സിനും വേണ്ടി പ്രത്യേക കൂട്ടായ്മ മാസത്തിലെ അവസാന വെള്ളിയാഴ്ചയിലും രാവിലെ 10 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ നടത്തുന്നു. വചനപ്രഘോഷണം, ഷെയറിംഗ് തുടങ്ങി ശുശ്രൂഷകൾ ഉണ്ടായിരിക്കും.

മെയ് 29 വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ പാലക്കാട് കത്തീഡ്രലിൽ ജാഗരണ പ്രാർത്ഥന നടത്തുന്നു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.





# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനംനയിക്കുന്നത്** |
|---|---|---|
| മെയ് | 3-6 | ക്രിസ്റ്റീൻ ധ്യാനം. 9-10 ക്ലാസ്സ്<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മെയ് | 7-9 | ക്രിസ്റ്റീൻ ധ്യാനം . 7-8 ക്ലാസ്സ്<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മെയ് | 10-15 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 17-22 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മെയ് | 24-29 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. റെനി പുല്ലുകാലായിൽ |
| മെയ് | 31- ജൂൺ 5 | ആന്തരികസൗഖ്യ വളർച്ചാധ്യാനം<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

മെയ് 3 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

മെയ് 16 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണി വരെ ഏകദിന കൺവെൻഷൻ.

മെയ് 17 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# സി.എം.എൽ

**ജീവിതദർശന ക്യാമ്പ്**

നമ്മുടെ ഈ വർഷത്തെ ജീവിതദർശനക്യാമ്പ് മെയ് 24, 25, 26 തിയ്യതികളിൽ നടത്തപ്പെടുന്നു. ക്ലാസ്സിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥന അപേക്ഷിക്കുന്നു.

സ്ഥലം : പാസ്റ്ററൽ സെന്റർ

സമയം : 24ന് വൈകുന്നേരം 3 മണി മുതൽ 26ന് 3 മണിവരെ

രജിസ്ട്രേഷൻ ഫീസ് : ആൾ ഒന്നിന് 50 രൂപ

പങ്കെടുക്കേണ്ടവർ : ശാഖയിൽ 8,9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും തെരഞ്ഞെടുത്ത 4 പേർ.

1. വെള്ളി തൊഴിലാളി ദിനം

31 ഞായർ : പ്രവർത്തന വർഷം അവസാനിക്കുന്നു.

പ്രാർത്ഥനാനിയോഗം : മിഷൻലീഗിലൂടെ ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി.

സുകൃതജപം : "വി. ഫ്രാൻസിസ് സേവ്യറെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ"

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി.എം.എൽ

# Bible Apostolate

**ലോഗോസ് ക്വിസ്സ്- 2009**

**പഠനഭാഗം**

ഉല്പത്തി 27-50 അദ്ധ്യായങ്ങളും, ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും.

രജിസ്ട്രേഷൻ ആരംഭം: 2009 ജൂൺ 1.

രജിസ്ട്രേഷൻ അവസാനം: 2009 ജൂലൈ 31.

രൂപതാതല പരീക്ഷ തിയ്യതി:- 2009 ഒക്ടോബർ 11 ഞായർ-2.00 P.M to 3.30 PM സംസ്ഥാനതല പരീക്ഷ തിയ്യതി: 2009 നവംബർ 22 ഞായർ

**പങ്കെടുക്കുന്നവരുടെ പ്രായവിഭാഗങ്ങൾ**

A വിഭാഗം: 1-1-1998-ന് ശേഷം ജനിച്ചവർ.
B വിഭാഗം: 1-1-1993 നും31-12-1997 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1978 നും31-12-1992 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1- 1958-നും 31-12-1977 നും ഇടയ്ക്ക് ജനിച്ചവർ.
E വിഭാഗം: 31-12-1957ന് മുമ്പ് ജനിച്ചവർ.

സംസ്ഥാന തലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലും ആകർഷകമായ സമ്മാനങ്ങൾ.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , ബൈബിൾ അപ്പസ്റ്റോലേറ്റ്





# പി.എസ്.എസ്.പി.

**ജില്ലാഹെഡ് മീറ്റിംഗ്**

6-05-2009 ബുധനാഴ്ച കാലത്ത് 11 മണിക്ക് പാസ്റ്ററൽ സെന്ററിൽ വെച്ച് ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ് നടക്കുന്നു.

**ബ്ലോക്ക് ഹെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8-5-09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.00 pm |
| 11-05-90 | തിങ്കൾ | പാലക്കാട് | ചൈതന്യ MS ധോണി | 11.00am |
| 11-05-09 | തിങ്കൾ | മലമ്പുഴ | ചൈതന്യ MS ധോണി | 11.00am |
| 13-05-09 | ബുധൻ | മണ്ണാർക്കാട് | കൈതച്ചിറ | 11.00am |
| 13-05-09 | ബുധൻ | നെന്മാറ | പഴത്തറക്കാട് | 11.00am |
| 14-5-09 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.00am |
| 14-05-09 | വ്യാഴം | ആലത്തൂർ | FCC വടക്കുഞ്ചേരി | 11.00am |

**റീജിയണൽ ഓഫീസ് ദിവസം**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 19.05.09 | ചൊവ്വ | സാൻജോസവ്വർ | 10 AM to 2 PM |
| 20.05.09 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11 AM to 2 PM |
| 21.05.09 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11 AM to 2 PM |

**നിത്യോപയോഗ സാധന നിർമ്മാണ യൂണിറ്റുകളുടെ റിവ്യൂമീറ്റിംഗ്**

നിത്യോപയോഗ സാധന നിർമ്മാണ യൂണിറ്റുകളുടെ വിലയിരുത്തൽ മീറ്റിംഗുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ വച്ച് നടത്തുന്നു.

| തിയ്യതി | ദിവസം | സമയം | സ്ഥലം | ബ്ലോക്ക് |
|---|---|---|---|---|
| 4.5.09 | തിങ്കൾ | 11 AM to 1PM | പാസ്റ്ററൽ സെന്റർ | പാലക്കാട്, മലമ്പുഴ, കുഴൽമന്ദം |
| 4.5.09 | തിങ്കൾ | 2.30 PM to 4PM | കരിമ്പ പാരിഷ്ഹാൾ | മണ്ണാർക്കാട്, ശ്രീകൃഷ്ണംപുരം |
| 7.5.09 | വ്യാഴം | 11.00 AM to 1PM | നെന്മാറ പാരിഷ്ഹാൾ | നെന്മാറ |

**അയൽക്കൂട്ട ഗ്രേഡിംഗ്**

പി.എസ്.എസ്.പി. യുടെ വനിതാ അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് മെയ്, ജൂൺ മാസങ്ങളിലായി പി.എസ്.എസ്.പി. ടീം അംഗങ്ങൾ നടത്തുന്നു. തീയതിയും സമയവും നേരിട്ടറിയിക്കുന്നതാണ്.

**മെഡി ക്ലെയിം** (ചികിത്സാ ധനസഹായ ഇൻഷുറൻസ്)

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് പി.എസ്.എസ്.പി.നടത്തി വരുന്ന "യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ്" എന്ന പദ്ധതി തുടരുന്നു. അസുഖം മൂലമോ, അപകടം മൂലമോ ആശുപത്രിയിൽ കിടന്നു ചികിത്സിക്കേണ്ടി വരുമ്പോൾ 30,000/-രൂപ വരെ (ഒരു വർഷം) ആനുകൂല്യം ലഭിക്കുന്നതാണ് പദ്ധതി. വ്യക്തിക്ക് 300 രൂപയും 5 അംഗകുടുംബത്തിന് 450 രൂപയും 7 അംഗ കുടുംബത്തിന് 600 രൂപയും ആണ് വാർഷിക പ്രീമിയം, അപേക്ഷാ ഫോമിനും , നിർദ്ദേശങ്ങൾക്കും സേവനത്തിനും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**അവിവാഹിതരായ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ ധനസഹായം**

അവിവാഹിതരായ സ്ത്രീകൾക്ക് SAFPയുടെ ധനസഹായത്തോടെ സ്വയം തൊഴിൽ തുടങ്ങുന്നതിന് അപേക്ഷതന്ന് അനുവദിച്ചവർ പദ്ധതി തുടങ്ങി സംരംഭത്തിന്റെ ഫോട്ടോയോടുകൂടി (സംരംഭകർ ഉൾപ്പെടെ) എത്രയും വേഗം പി.എസ്.എസ്.പി. ഓഫീസിൽ വന്ന് സഹായധനം കൈപ്പറ്റേണ്ടതാണ്.

**സേവ് എ ഫാമിലി EDP Training**

സേവ് എ ഫാമിലി ഗുണഭോക്താക്കൾക്കായുള്ള സംരംഭകത്വ വികസന പരിശീലനം മെയ് 9-ാം തിയതി ശനിയാഴ്ച കാലത്ത് 10.30 മുതൽ 3.30 വരെ അരപ്പാറ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത സെമിനാറിൽ കാരാകുറിശ്ശി, അരപ്പാറ എന്നീ യൂണിറ്റിലെ SAFPഗുണഭോക്താക്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

മെയ് 23-ാം തിയതി ശനിയാഴ്ച കാലത്ത് 10.30 മുതൽ 3.30വരെ മംഗലഡാം,പൊൻകണ്ടം,വി.ആർ.ടി എന്നീ യൂണിറ്റുകളിലെ SAFP ഗുണഭോക്താക്കൾക്കായുള്ള സംരംഭകത്വ വികസന പരിശീലനം മംഗലംഡാം സെന്റ് സേവിയേഴ്സ് പള്ളി പാരിഷ്ഹാളിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത സെമിനാറിൽ മുകളിൽ പറഞ്ഞിരിക്കുന്ന യൂണിറ്റുകളിലെ എല്ലാ ഗുണഭോക്താക്കളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.





## CRS-HIV/AIDS PROGRAMME

**CRS-HIV/AIDS പദ്ധതിയുടെ 2009 മെയ് മാസത്തെ പ്രവർത്തന രൂപരേഖ**

| S.No. | തീയതി | സ്ഥലം | പരിപാടി |
|---|---|---|---|
| 1. | 6-5-2009 | കൊഴിഞ്ഞാമ്പാറ | ത്രൈമാസ അവലോകനം |
| 2. | 7-5-2009 | പെരുമാട്ടി | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 3. | 11-05-09 | പ്ലാച്ചിമട | ബോധവത്കരണ സെമിനാർ |
| 4. | 13-05-09 | എരുത്തേമ്പതി | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 5. | 18-05-09 | പാസ്റ്ററൽ സെന്റർ | കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ വിതരണം |
| 6 | 81-05-09 | പാസ്റ്ററൽ സെന്റർ | ശാക്തീകരണ സെമിനാർ |
| 7 | 20-05-09 | പാസ്റ്ററൽ സെന്റർ | പ്രൊജക്ട് സ്റ്റാഫുകൾക്കുള്ള ട്രെയ്നിംഗ് |
| 8. | 21-05-09 | ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ | നിരീക്ഷണ സമിതി അംഗങ്ങളുടെ ശാക്തീകരണം |
| 9. | 30-05-09 | പാസ്റ്ററൽ സെന്റർ | PLHS'S മാസയോഗം |
| 10 | 30-05-09 | പാസ്റ്ററൽ സെന്റർ | കുട്ടികളുടെ മാസയോഗം |

**ഫാ. അബ്രാഹം പാലത്തിങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**മെയ് 2009**

26 രൂപതാകാര്യാലയത്തിൽ വെച്ച് നടന്ന ബഹു. ഫൊറോനാ വികാരിമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

27. കോയമ്പത്തൂർ രൂപതാദ്ധ്യക്ഷനെ സന്ദർശിച്ചു.

– കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസ് മീറ്റിംഗിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

28 കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടവും, സഭാവസ്ത്രവും, ചെറുപട്ടങ്ങളും നൽകി വി. കുർബ്ബാന അർപ്പിച്ചു.

– കഞ്ചിക്കോട് അസ്സീസി കോൺവെന്റിന്റെ പുതിയ ചാപ്പൽ വെഞ്ചരിച്ചു.

– എറണാകുളം ബസിലിക്ക പാരിഷ് ഹോളിൽ ഡോ. ജോസഫ് കുര്യന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

31. വാലുപറമ്പ് ദിവ്യകാരുണ്യ ഇടവകയിൽ നിർമ്മിച്ച സെമിത്തേരി വെഞ്ചരിച്ചു.

**ഏപ്രിൽ 2009**

1. ചമ്പന്നൂർ ഇടവകയിൽ ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ ജനറാൾ സി. ടെസ്സി കാച്ചപ്പിള്ളിയുടെ പിതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

– പന്തലാംപാടം സി.എം.സി. കോൺവെന്റിൽ വൊക്കേഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

– മുണ്ടൂർ യുവക്ഷേത്രയിൽ നടന്ന പ്രീ–കാന കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വൊക്കേഷൻ ക്യാമ്പിൽ സംബന്ധിച്ച കുട്ടികൾക്ക് സന്ദേശം നൽകി.

6. പാലക്കാട്ട് ജോബീസ് മാൾ വെഞ്ചരിച്ചു.

– പാലക്കാട് ടൗൺ ഇടവകാംഗം ആന്റണി മേച്ചേരിയുടെ അമ്മയുടെ മൃതദേഹത്തിൽ ഒപ്പീസ് പാടി.





– കത്തീഡ്രലിൽ സൈത്ത് വെഞ്ചരിപ്പോടനുബന്ധിച്ച് നടന്ന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് വി. കുർബ്ബാന അർപ്പിച്ചു.

9. പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ പെസഹാവ്യാഴത്തിന്റെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

10 പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

– വിവിധ ഇടവകകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കുരിശിന്റെ വഴിയുടെ സമാപനത്തിന് ആശീർവ്വാദം നൽകി.

12. പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ ഈസ്റ്റർ ഞായറിന്റെ ശുശ്രൂഷകൾക്ക് പ്രധാനകാർമ്മികത്വം നൽകി.

15 മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി.

– പാലക്കുഴി സെന്റ് തോമസ് ഇടവക സന്ദർശിച്ചു.

– തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി.

17. രൂപതാകാര്യാലയത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു.

– രൂപതാകാര്യാലയത്തിൽ നടന്ന ഫൈനാൻസ് കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു.

18 പാലക്കുഴി സെന്റ് തോമസ് ഇടവക ദൈവാലയം കൂദാശചെയ്ത് വി. കുർബ്ബാന അർപ്പിച്ചു.

19. പട്ടാമ്പി സെന്റ് പോൾസ് ഇടവകയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബ്ബാന അർപ്പിച്ചു.

– പോത്തുണ്ടി ഗുഡ്ഷെപ്പേർഡ് ഇടവകയിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബ്ബാന അർപ്പിച്ചു.

20. പുത്തൻപീടിക ഇടവകയിൽ ബഹു. പീറ്റർ കുരുതുകുളങ്ങര അച്ചന്റെ ജേഷ്ഠന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21. ഇടയാർപാളയം ഇടവകയിൽ പുതുതായി ആരംഭിച്ച നസ്റത്ത് സിസ്റ്റേഴ്സിന്റെ കോൺവെന്റ് വെഞ്ചരിച്ചു.

22. കഞ്ചിക്കോട് അസ്സീസി സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തോടും ജൂബിലിയോടുമനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

24. രൂപതാകാര്യാലയത്തിൽ നടന്ന സെഹിയോൻ ട്രസ്റ്റിന്റെ മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു.

- പാസ്റ്ററൽ സെന്ററിൽ നടന്ന രൂപതാതല ക്രിസ്റ്റീൻ ധ്യാനത്തിലെ കുട്ടികൾക്ക് സന്ദേശം നൽകി.

25. പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബ്ബാന അർപ്പിച്ചു.

- മംഗലംഡാം സെന്റ് സേവ്യേഴ്സ് ഇടവകയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബ്ബാന അർപ്പിച്ചു.

26 താവളം ഹോളിട്രിനിറ്റി ഇടവകയിൽ കുട്ടികൾക്ക് പ്രഥമദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബ്ബാന അർപ്പിച്ചു.

- കോട്ടത്തറ ആരോഗ്യമാത കോൺവെന്റിൽ സി.എം.സി. ജൂനിയർ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

- നവീകരിച്ച മണ്ണാർക്കാട് ഹോളിസ്പിരിറ്റ് ഫൊറോന ദേവാലയം വെഞ്ചരിച്ച് വി. കുർബ്ബാന അർപ്പിച്ചു.

27 കൊഴിഞ്ഞാമ്പാറ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ഡില്ലിംഗ്ടണിലെ സിസ്റ്റേഴിസിന്റെ നിത്യവ്രതവാഗ്ദാന ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് വി. കുർബ്ബാന അർപ്പിച്ചു.

28. പുതുതായി നിർമ്മിച്ച വാൽപ്പാറ കാരുണ്യ കോൺവെന്റ് വെഞ്ചരിച്ച് വി. കുർബ്ബാന അർപ്പിച്ചു.

29 പൊൽപ്പുള്ളി സെറാഫിക് കോൺവെന്റിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

30. നീതിപുരം സെന്റ് ജോസഫ്സ് ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ച്, പുതുതായി നിർമ്മിച്ച ഹാൾ വെഞ്ചരിച്ചു.



Palakkad Rupatha Bulletin MAY '09

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil
Published by: Fr. Dominic Aippenparambil
Bishop's House, Palakkad - 678 004.